(1)	(2)	(3)	(4)
7	പി.എച്ച്.സി., ചെങ്ങളായി	23	1 എണ്ണം (പി.എച്ച്.എൻ.-1)
8	പി.എച്ച്.സി., നടുവിൽ	23	1 എണ്ണം (പി.എച്ച്.എൻ.-1)
9	പി.എച്ച്.സി., ആലക്കോട്-മണക്കടവ്	10	ഇല്ല
10	പി.എച്ച്.സി., ചന്ദനക്കാംപാറ	24	7 എണ്ണം (സ്റ്റാഫ് നഴ്സ് - 1, ഫാർമസിസ്റ്റ് -1, ആശുപത്രി അറ്റന്റന്റ് ഗ്രേഡ് II-1, പി.എച്ച്.എൻ. -1, ജെ.എച്ച്.ഐ -2, ക്ലാർക്ക് -1)
11	പി.എച്ച്.സി., കുടിയാൻമല	10	1 എണ്ണം (ആശുപത്രി അറ്റന്റന്റ് ഗ്രേഡ് II-1)

ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രികളുടെ സുഗമമായ പ്രവർത്തനം കണക്കാക്കിയും കോവിഡിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും NHM/daily wages ജീവനക്കാരെ നിയമിച്ചുവരുന്നുണ്ട്.

(സി) മതിയായ ജീവനക്കാരില്ലാത്തതുമൂലം ഏതെങ്കിലും പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയുടെ പ്രവർത്തനം തടസ്സപ്പെടുന്നുണ്ടോ?

മതിയായ ജീവനക്കാരില്ലാത്തതുമൂലം ടി നിയോജകമണ്ഡലത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയുടെ പ്രവർത്തനം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൊല്ലം ജില്ലാ ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതി

176 (3203) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലാ ആശുപത്രിയിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടും ടെണ്ടർ നടപടികൾ ആരംഭിക്കാത്തതിന്റെ കാരണമെന്താണ്; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ജില്ലാ ആശുപത്രിയുടെ വികസനത്തിന് 104.48 കോടി രൂപയുടെ സാമ്പത്തിക അനുമതി 26-2-2021-ലെ ഉത്തരവ് പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി കിഫ്ബി നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ GRIHA 3 star rating

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുന്നതിന് പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കിയ സാമ്പത്തിക അനുമതിക്കുള്ള ശിപാർശ കിഫ്ബിയിൽ നൽകിയശേഷം ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാനാണ് സാമ്പത്തികാനുമതി നൽകിയ ഉത്തരവിൽ കിഫ്ബി നിർദ്ദേശിച്ചിട്ടുള്ളത്. GRIHA 3 star rating ഉറപ്പുവരുത്തുന്നതിന് വിശദമായ പദ്ധതി രേഖയിൽ ആവശ്യമായ മാറ്റങ്ങൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കെ.എസ്.ഇ.ബി.എൽ. നടത്തിവരികയാണ്. ഇത് പൂർത്തിയാക്കി കിഫ്ബിയിൽ സമർപ്പിച്ച് അനുമതി വാങ്ങിയ ശേഷമേ ടെണ്ടർ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. വിശദ പദ്ധതിരേഖയിൽ നിർദ്ദേശിച്ച മാറ്റങ്ങൾ വരുത്തി കിഫ്ബിയുടെ അനുമതി വാങ്ങി എത്രയുംവേഗം ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാൻ കെ.എസ്.ഇ.ബി.എൽ-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മങ്ങാട് കുടുംബാരോഗ്യകേന്ദ്രം നവീകരിക്കുന്നതിന് നടപടി

177 (3204) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ മങ്ങാട് കുടുംബാരോഗ്യകേന്ദ്രം ആധുനിക രീതിയിൽ നവീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി മങ്ങാട് പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രത്തിൽ ഏതെല്ലാം രീതിയിലുള്ള നവീകരണപ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മങ്ങാട് കുടുംബരോഗ്യ കേന്ദ്രത്തിൽ ചികിൽസാരംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടു വന്നിട്ടുള്ളത് എന്നറിയിക്കാമോ?

(ബി&സി) ടി സ്ഥാപനത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിനാൽ അടിസ്ഥാന സൗകര്യങ്ങൾ, രോഗീസൗഹൃദ അന്തരീക്ഷം, ലാബ് സൗകര്യം എന്നിവയ്ക്കായി ആരോഗ്യ കേരളം വഴി 15.5 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ആർ.ഒ.പി. 2021-22 പ്രകാരം 110.89 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly